# കേരള സർവകലാശാല

നം. പി.ആർ.241/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി പ്രവേശനം 2017-18 : മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു - നവംബർ 4,6,7 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017-2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 നവംബർ 4,6,7 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. മുൻപുള്ള അലോട്ട്മെന്റുകളിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽപറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ നവംബർ 9 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അവരുടെ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

*( എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല നവംബർ 20 മുതൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷകൾ

കേരള സർവകലാശാലയുടെ സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം അഞ്ചാം സെമസ്റ്റർ പരീക്ഷകൾക്ക് (2015-അഡ്മിഷൻ റഗുലർ – 2013-2014 സപ്ലിമെന്ററി) ഫൈനില്ലാതെ നവംബർ ഏഴ് (50 രൂപ പിഴയോടെ നവംബർ 10, 125 രൂപ പിഴയോടെ നവംബർ 14) വരെയും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്.സി പരീക്ഷ

കേരള സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ കേന്ദ്രം നവംബർ 27 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (റഗുലർ (2014-2016 ബാച്ച്) & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 14 (50 രൂപ പിഴയോടെ നവംബർ 16, 125 രൂപ പിഴയോടെ നവംബർ 17) വരെ ഫീസടച്ച് നേരിട്ടും ഓൺലൈനായും (www.de.keralauniversity.ac.in) അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാലയുടെ ബി.ടെക് ഒന്നും രണ്ടും സെമസ്റ്റർ നവംബർ 2016 (2013 സ്കീം) & ജനുവരി 2017 (2008 സ്കീം) എന്നീ പരീക്ഷകളുടെയും, ബി.ടെക് എട്ടാം ,സെമസ്റ്റർ ഏപ്രിൽ 2017 (2013 സ്കീം) ൽ നടന്ന ബയോടെക്നോളജി ബയോകെമിക്കൽ ബ്രാഞ്ച് പരീക്ഷയുടെയും സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീ വാല്യുവേഷൻ സെക്ഷനിൽ നവംബർ എട്ട് മുതൽ നവംബർ 16 വരെയുള്ള പ്രവർത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
06.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098